ഗാന്ധിജിയുടെ സ്വാധീനം മലയാളകവിതയിൽ

പ്രബന്ധസംഗ്രഹം

ആധുനിക യുഗത്തിൽ ഗാന്ധിജി ചെലുത്തിയ സ്വാധീനം അഗാധമാണ്. ഇന്ത്യയിലെ ജനങ്ങളുടെ ദുഃഖങ്ങളിൽ പങ്കാളിയായിക്കൊണ്ട്, സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിനെതിരെയുള്ള പോരാട്ടത്തിൽ ജനങ്ങളെ സജ്ജരാക്കാൻ ഗാന്ധിജിയുടെ ആത്മീയാദർശങ്ങൾക്ക് കഴിഞ്ഞു. ഗാന്ധിജി നമ്മുടെ സാംസ്കാരത്തെയും മൂല്യബോധത്തെയും നിർണായകമായി സ്വാധീനിച്ചിട്ടുണ്ട്.

ഗാന്ധിജിയുടെ ആദർശങ്ങളും മാതൃകകളും ഇന്നു ജനങ്ങൾ മറക്കാൻ തുടങ്ങിയിരിക്കുന്നു. സമൂഹത്തിന്റെ നാനാതുറകളിലും ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിക്ക് പരിഹാരം കണ്ടെത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. മലയാളകവിതാസാഹിത്യത്തിലെ പ്രമുഖരായ ചില കവികൾ തങ്ങളുടെ രചനകളിലൂടെ ഗാന്ധിജിയുടെ ആദർശങ്ങളും മാതൃകകളുമെല്ലാം ജനങ്ങളിലെത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ഗാന്ധിജിയുടെ ആദർശങ്ങൾ വളരെയേറെ പ്രാധാന്യത്തോടെ നാം മനസിലാക്കേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ടാണ് '**ഗാന്ധിജിയുടെ സ്വാധീനം മലയാളകവിതയിൽ**' എന്ന വിഷയം ഗവേഷണത്തിനായി തെരഞ്ഞെടുത്തത്. മലയാളകവിതയിൽ ഗാന്ധിജിയുടെ സ്വാധീനം എത്രത്തോളമുണ്ടെന്ന് അന്വേഷിക്കുകയാണ് പ്രബന്ധലക്ഷ്യം. വള്ളത്തോൾ നാരായണമേനോൻ, ജി. ശങ്കരക്കുറുപ്പ്, പി.കുഞ്ഞിരാമൻനായർ, ഇടശ്ശേരി ഗോവിന്ദൻനായർ, പാലാ നാരായണൻനായർ, എൻ.വി.കൃഷ്ണവാര്യർ എന്നീ കവികളെയാണ് വിശദപഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്.

പ്രബന്ധം നാല് അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. **മഹാത്മാഗാന്ധിയുടെ ജീവിതവും ദർശനവും** എന്ന ഒന്നാം അധ്യായത്തിൽ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമരരംഗത്തും ഗാന്ധിജി വഹിച്ച പങ്കും, ഗാന്ധിജി ജീവിതത്തിൽ പ്രാവർത്തികമാക്കി ലോകത്തിനാകെ മാതൃകയായി

നൽകിയ ദർശനങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ വ്യക്തിജീവിതവും ദർശനവും ഒരുപോലെ ലോകജനതയെയും മലയാള കവികളെയും സ്വാധീനിച്ചതുകൊണ്ടാണ് മഹാത്മാഗാന്ധിയുടെ ജീവിതവും ദർശനവും എന്ന് ഒന്നാം അധ്യായത്തിന് ശീർഷകം നൽകി സൈദ്ധാന്തിക അടിത്തറ രൂപപ്പെടുത്തിയത്.

ഗാന്ധിജിയുടെ സ്വാധീനം മലയാളകവിതയിൽ എത്രത്തോളമുണ്ടെന്നുള്ള അന്വേഷണമാണ് രണ്ടാം അധ്യായത്തിൽ. ജി. ശങ്കരക്കുറുപ്പ്, പി.കുഞ്ഞിരാമൻനായർ, ഇടശ്ശേരിഗോവിന്ദൻനായർ, എൻ.വി.കൃഷ്ണവാര്യർ, പാലാനാരായണൻനായർ, എന്നിവർ ഗാന്ധിജിയുടെ ദർശനങ്ങൾ എത്രത്തോളം ഉൾക്കൊണ്ടിട്ടുണ്ടെന്നും എങ്ങനെയാണവർ അത് കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെന്നും താരതമ്യം ചെയ്ത് നിഗമനത്തിലെത്തുകയാണ് ഇതിൽ. കൂടാതെ ഗാന്ധിജിയുടെ സ്വാധീനമുള്ള ഇതര മലയാള കവികളേയും ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗാന്ധിജിയുടെ സ്വാധീനം വള്ളത്തോൾ കവിതയിൽ എത്രത്തോളമുണ്ടെന്ന് വിശദമായി അന്വേഷിക്കുകയാണ് മൂന്നാം അധ്യായത്തിൽ.

നാലാം അധ്യായം **ഉപദർശനമാണ്**. ഒന്നും രണ്ടും മൂന്നും അധ്യായങ്ങളിലെ കണ്ടെത്തലുകളെ വിശകലനം ചെയ്ത് ക്രോഡീകരിക്കുകയാണ് ഇതിൽ.

ഗാന്ധിജിയുടെ ആദർശങ്ങൾക്ക് എല്ലാക്കാലത്തും പ്രസക്തിയേറുകയാണ്. ഗാന്ധിജിയെക്കുറിച്ച് ചിന്തിക്കുമ്പോൾത്തന്നെ അദ്ദേഹത്തിന്റെ ആദർശങ്ങളാണ് നമ്മുടെ മനസിലേക്ക് ഓടിയെത്തുക. അദ്ദേഹം പ്രചരിപ്പിച്ച തത്ത്വശാസ്ത്രമാണ് ഗാന്ധിസമായി കണക്കാക്കുന്നത്. തന്റേതായി ഒരു 'ഇസ'മില്ല എന്ന് ഗാന്ധിജി പറയാറുണ്ടായിരുന്നു. എന്നാൽ ഗാന്ധിജിയുടെ ജീവിതംതന്നെ ഒരു ദർശനമായിരുന്നു. അഹിംസ, സത്യം, ആസ്തേയവും അപരിഗ്രഹവും, ബ്രഹ്മചര്യം, സത്യഗ്രഹം, സ്വാതന്ത്ര്യം, കർമയോഗം, സ്ത്രീസമത്വം, സർവധർമസമഭാവന, നിർഭയത, സർവോദയം, സഹനം, മദ്യവർജനം, ആത്മസാക്ഷാത്കാരം, ശരീരശ്രമം, ഏകാദശവ്രതം, ലക്ഷ്യവും

മാർഗവും, രാമരാജ്യം, പ്രകൃതിസംരക്ഷണം, അയിത്തോച്ചാടനം, ശുചിത്വം, സ്വദേശി, ദാരിദ്ര്യനിർമാർജനം, സ്വാശ്രയത്വം, ഗ്രാമസ്വരാജ്, അടിസ്ഥാന വിദ്യാഭ്യാസം, ട്രസ്റ്റീഷിപ്പ് എന്നിങ്ങനെ പ്രധാനമായും ഇരുപത്തിയാറോളം ആദർശങ്ങളിൽ അടിയുറച്ചതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഗാന്ധിജിയുടെ ഈ ദർശനങ്ങളെ അടിസ്ഥാനമാക്കിയാണ് മലയാളകവിതയിൽ ഗാന്ധിജിയുടെ സ്വാധീനം എത്രത്തോളമുണ്ടെന്നു കണ്ടെത്താൻ ശ്രമിച്ചത്.

കവിത്രയത്തിനുശേഷം മലയാളകവിതാസാഹിത്യലോകത്തേയ്ക്ക് കടന്നുവന്ന **ജി.ശങ്കരക്കുറുപ്പിന്റെ** കവിതകളിൽ ആദ്യം മുതൽ തന്നെ ഗാന്ധിജിയുടെ സ്വാധീനം പ്രകടമായിരുന്നു. *വെൽക വെൽക, വന്ദനം, താരകൾ തമ്മിൽ, സ്വാതന്ത്ര്യഗീതം, സ്വപ്നദർശനം, പള്ളിത്തേര്, രാജഘട്ടിൽ* എന്നീ കവിതകളിലെല്ലാം നിറഞ്ഞുനിൽക്കുന്നത് ഗാന്ധിജിയുടെ അഹിംസാ ദർശനം തന്നെയാണ്. ഗാന്ധിജിയുടെ ദാരിദ്ര്യനിർമാർജനം എന്ന ആശയത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന കവിതയാണ് *ഒരുകാശൊരുകാശ്*. ജാതിഭേദത്തിന്റെ നിരർത്ഥകതയെ ചൂണ്ടിക്കാണിക്കുന്ന കവിതകളാണ് *ജാതിഭേദം, ഒരേതീയ്, കൊച്ചമ്മ, റഹിം* എന്നിവ. അദ്ധ്വാനത്തിന്റെ മഹത്ത്വം സൂചിപ്പിക്കുന്നതോടൊപ്പം ഒരു പുതിയ നാളെയുടെ ഉദയവും കവി സ്വപ്നം കാണുകയാണ് *നാളെ* എന്ന കവിതയിൽ. *ആ മുഖമുയരുവാൻ, ചരിത്രത്തിന്റെ കിനാവുകൾ, രണ്ടുശബ്ദം, അഴിമുഖത്ത്* എന്നീ കവിതകളിൽ മതസൗഹാർദത്തിന്റെ അലയൊലികൾ കാണാം. ഗാന്ധിജിയുടെ ദണ്ഡിയാത്രയെ അനുസ്മരിപ്പിക്കുന്ന കാവ്യമാണ് *ഓർമിക്കുന്നുവോ*. ഗ്രാമസ്വരാജിന്റെ പരമപ്രാധാന്യം കാണിക്കുന്ന *ഓർമിക്കട്ടെ, ചർക്ക* എന്നീ കവിതകളിൽ തൊഴിലാളികളുടെ ആത്മഹർഷത്തെക്കുറിച്ചും ചർക്കയുടെ സംഗീതത്തിന്റെ ദിവ്യശക്തിയെക്കുറിച്ചും കവി വർണിച്ചിരിക്കുന്നു.

ദേശീയപ്രസ്ഥാനത്തിന് ഊർജം പകർന്ന കവികളിൽ പ്രമുഖനായിരുന്നു **പി.കുഞ്ഞിരാമൻനായർ**. ഹിംസയാകുന്ന കരിനാഗത്തിന്റെ മുന്നിലേക്ക് ചാടി അതിന്റെ പത്തിമടക്കിക്കുവാൻ ഗാന്ധിജി എത്തിയിരിക്കുന്നു എന്ന് *കിടപ്പറയിലെ കരിനാഗ*ത്തിലും, സത്യത്തിന്റെ തംബുരുനാദം മീട്ടിയെത്തുന്ന സന്യാസിയായി ഗാന്ധിജി എത്തുന്നു എന്ന് *തംബുരുനാദ*ത്തിലും കവി

ഗാന്ധിജിയെ വർണിക്കുന്നു. ഇനി വരാനിരിക്കുന്നത് ഗാന്ധിയുഗമാണെന്ന് ഉറച്ചുവിശ്വസിക്കുന്ന കവിയെയാണ് *ചന്ദ്രദർശനം* എന്ന കവിതയിൽ കാണുന്നത്. അധഃകൃതരെ ഉദ്ധരിക്കാൻ ഗാന്ധിജി ചെയ്ത ശ്രമങ്ങളെ പ്രകീർത്തിക്കുന്ന കവിതയാണ് *ഹരിജനഗാനം.* ഗാന്ധിയൻ ദർശനങ്ങളിൽ നിന്ന് വ്യതിചലിക്കുന്ന ഭാരതത്തിന്റെ അവസ്ഥ ഓർത്ത് വിലപിക്കുകയാണ് *ഇന്ത്യയുടെ ഭൂപടം, ഗാന്ധിഗ്രാമം അതെവിടെ, കവിയുടെ കണ്ണുനീർ, വെളിച്ചമേ നയിച്ചാലും* എന്നീ കവിതകളിൽ. ഗാന്ധിസത്തിലാണ് ഭാരതത്തിന്റെ പുരോഗതി എന്ന് പ്രഖ്യാപിക്കുകയാണ് *വിളക്കുതുടയ്ക്കട്ടെ* എന്ന കവിതയിൽ. മഹാത്മജിയുടെ രക്തസാക്ഷിത്വത്തെപ്പറ്റി വിവരിക്കുന്ന *യമുനാതടത്തിലെ സ്മാരകക്ഷേത്രം*, ആഗസ്റ്റ് വിപ്ലവത്തിന്റെ നിത്യസന്ദേശം പരത്തുന്ന *ചന്ദനത്തിരി,* അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്ന *പാവങ്ങളുടെ ദൈവം, മൂശമാറ്റുക* എന്നിവയും മതസൗഹാർദത്തിന്റെ സന്ദേശം പകരുന്ന *ഭാഗംവേണ്ട,* അദ്ധ്വാനത്തിന്റെ മഹത്ത്വം വിളിച്ചോതുന്ന *മൂത്തമൂശാരിയോട്* എന്നിവയും ഗാന്ധിജിയുടെ ആദർശങ്ങൾ അവതരിപ്പിക്കുന്ന പി.യുടെ ശ്രദ്ധേയമായ കാവ്യങ്ങളാണെന്ന് കണ്ടെത്താൻ കഴിഞ്ഞു.

ഇടശ്ശേരിഗോവിന്ദൻനായരുടെ *ബിംബിസാരന്റെ ഇടയൻ, എങ്ങനെ നേടി, വന്ദിപ്പിനമ്മയെ, പ്രാർത്ഥന* എന്നീ കവിതകളിൽ അഹിംസാസിദ്ധാന്തത്തിന്റെ നിറഞ്ഞ സാന്നിധ്യമുണ്ട് . *പൂപ്പരുത്തി, ഋഷിയുടെ ധേനു, കർമസോപാനം* എന്നീ കവിതകളിൽ ചർക്കയുടെ മാഹാത്മ്യം വാഴ്ത്തുന്നു. *മുഹമ്മദ് അബ്ദുറഹ്മാൻ, പരാജയധ്യാനം, പൂതപ്പാട്ട്* എന്നീ കവിതകളിലും നിറഞ്ഞു നിൽക്കുന്നത് സ്നേഹം, ദയ, ത്യാഗം, സഹനം എന്നിങ്ങനെ ഗാന്ധിജി ഉയർത്തിപ്പിടിച്ച മൂല്യങ്ങളാണെന്ന് മനസിലാക്കാം. പുതുതലമുറ ഗാന്ധിയൻ ആദർശങ്ങൾ ഉൾക്കൊള്ളാത്തതിലുള്ള വിഷമങ്ങൾ കവി *ഒരു പിടി നെല്ലിക്ക*യിൽ ആവിഷ്ക്കരിച്ചിരിക്കുകയാണ്. മതസൗഹാർദത്തിന്റെ മഹത്ത്വം വാഴ്ത്തുകയാണ് *മഴവില്ല്, ഇസ്ലാമിന്റെ വൻമല* എന്നീ കവിതകളിൽ. മദ്യവർജനത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്ന *മദ്യമാരണം* ഗാന്ധിജിയുടെ ആഹ്വാനത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് എഴുതിയതാണ്.

ചൂഷണത്തെ ഇല്ലാതാക്കി ഒരു പുതിയ ഗ്രാമസ്വരാജ് സൃഷ്ടിക്കാൻ *മുള്ളൻചീര*യിൽ കവി ശ്രമിച്ചിട്ടുണ്ട്. *പള്ളിക്കൂടത്തിലേക്ക് വീണ്ടും* എന്ന കവിതയിൽ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ചുള്ള കവിയുടെ ആശങ്ക പ്രതിഫലിച്ചിരിക്കുന്നു. സ്ത്രീസമത്വത്തിന്റെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്ന *നമ്മളുടെ അമ്മ,* മാതൃത്വത്തിന്റെ മഹനീയത വാഴ്ത്തുന്ന *പൂവേ പോൽ പൂവേ* എന്നിവയിലും ഗാന്ധിയൻ ആദർശത്തിന്റെ സ്വാധീനം തന്നെയാണ് കാണുന്നത്. *പഴകിയ ചാലുകൾ മാറ്റുക* എന്നകവിതയിൽ വിവേകമില്ലാതെ പ്രകൃതിയെ ചൂഷണം ചെയ്യുന്നതിൽ കവിക്കുള്ള എതിർപ്പ് പ്രകടമാണ്. നമുക്ക് ദോഷകരമായ രീതിയിലുള്ള തത്ത്വശാസ്ത്രത്തെ നാം സ്വീകരിക്കരുത് എന്ന സിദ്ധാന്തമാണ് *പൊട്ടി പുറത്ത് ശീവോതി അകത്ത്* എന്ന കവിതയിലുള്ളത്.

എൻ.വി.കൃഷ്ണവാര്യരുടെ *മഹാത്മാഗാന്ധി* എന്ന കവിതയിൽ അഹിംസാസന്ദേശവുമായി കടന്നുവന്ന ഗാന്ധിജിയെ വാഴ്ത്തുകയാണ്. മൂല്യബോധം നഷ്ടപ്പെട്ട യുവതലമുറയെക്കുറിച്ചുള്ള വേദനയാണ് *മുള്ളുകൾ* എന്ന കവിതയിൽ. ഉപഭോഗസംസ്കാരത്തിന്റെ കടന്നുകയറ്റം വെളിപ്പെടുത്തുന്ന *കള്ളദൈവങ്ങൾ,* ഗ്രാമസ്വരാജിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്ന *ഗ്രാമം,* സത്യാഗ്രഹത്തിന്റെ മഹത്ത്വം ഘോഷിക്കുന്ന *അഹിംസൈകസൈന്യം,* അയിത്തോച്ചാടനം വിഷയമാക്കിയ *ഐക്യകേരളം*, ഹിന്ദു–മുസ്ലിം ഐക്യം ഘോഷിക്കുന്ന *ഉണരുക*, സ്വദേശിവ്രതത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന *അവയുടെ അർത്ഥം*, ഗാന്ധിജിയുടെ സേവനതാത്പര്യത്തെ പുകഴ്ത്തുന്ന *ഗാന്ധിജിയും കുഷ്ഠരോഗിയും*, തെരുവിലെ പട്ടിണിപ്പാവങ്ങളുടെ മോചനം ആഗ്രഹിക്കുന്ന *മദിരാശിയിൽ ഒരു രാത്രി,* പ്രകൃതിസംരക്ഷണത്തെക്കുറിച്ചെഴുതിയ *ബാക്കി വല്ലതുമുണ്ടോ, കടൽക്കാക്കയെ ആരറിയുന്നു, വരയ്ക്കൽ ബീച്ച്*, ഗാന്ധിജിയുടെ ആഗമനം കൊതിക്കുന്ന *സ്വാതന്ത്ര്യത്തിൻ സവിതാവേ* എന്നീ കവിതകളിലും നിറഞ്ഞുനിൽക്കുന്നത് ഗാന്ധിചൈതന്യമാണ്. മനുഷ്യമനഃസാക്ഷിയെ പ്രകമ്പനം കൊള്ളിക്കുന്ന ഗൗരവപൂർണമായ ഉപഹാസകാവ്യമാണ് *മോഹൻദാസ്ഗാന്ധിയും നാഥുറാംഗോഡ്സെയും.* ഗാന്ധിജിയുടെ ആദർശങ്ങൾ സ്വീകരിക്കാൻ മടിക്കുന്ന ഇന്നത്തെ ജനതയുടെ

മുഖം എലി എന്ന പ്രതീകത്തിലൂടെ വെളിച്ചത്തുകൊണ്ടുവരുകയാണ് *എലികൾ* എന്ന കവിതയിൽ.

പാലാനാരായണൻനായരുടെ *ഗാന്ധിഭാരതം* എന്ന കവിതയിൽ ഗാന്ധിജിയുടെ ജനനം മുതൽ മരണംവരെയുള്ള എല്ലാ സംഭവങ്ങളും ഗാന്ധിയൻ ദർശനങ്ങളും ആവിഷ്ക്കരിച്ചിരിക്കുന്നു. നിഷ്കാമകർമത്തിന്റെ മഹത്ത്വം വാഴ്ത്തുന്ന കവിതയാണ് *സത്യാഗ്രഹി*. ഗാന്ധിജിയുടെ വിയോഗത്തിൽ ഭാരതത്തിലെ മണൽത്തരിപോലും വിലപിക്കുന്നതായി കവിക്ക് തോന്നുകയാണ് *യമുനാതീരത്തിൽ* എന്ന കവിതയിൽ. *വാർഷികം*, *മഹാത്മാ ഗാന്ധി* എന്നീ കവിതകളിൽ അഹിംസയുടെ സന്ദേശവാഹകനായി എത്തിയ ഗാന്ധിജിയെ കവി സ്തുതിക്കുന്നുണ്ട്. സ്വാതന്ത്ര്യത്തിനുശേഷമുണ്ടായ ഇന്ത്യയുടെ അവസ്ഥ ചൂണ്ടിക്കാട്ടുകയാണ് *സ്വതന്ത്രഭാരതം* എന്ന കവിതയിൽ. ഗാന്ധിജിയുടെ പേരിൽ നാട്ടിലരങ്ങേറുന്ന കള്ളനാട്യങ്ങളെ പരിഹസിക്കുകയാണ് *എന്തിനയേ സ്വരാജ്യം* എന്ന കവിതയിൽ. കൈത്തറിയുടെ ക്ഷേമത്തിനായി പുതിയ വ്യവസായസംരംഭങ്ങൾ നാട്ടിൽ എത്തുമെന്ന പ്രതീക്ഷയാണ് *സ്വാതന്ത്ര്യപുലരി*, *പുൽക്കുടിൽ*, *ജന്മസാഫല്യം*, *കലാപൂജ* തുടങ്ങിയ കവിതകളിൽ കാണുന്നത്. *അരനൂറ്റാണ്ടിനിപ്പുറം*, *ഗുരുകുലങ്ങൾ*, *കുറേ തീയും പുകയും* എന്നീ കവിതകളിൽ അസ്പൃശ്യരെ ഉയർത്താൻ ഗാന്ധിജി ചെയ്ത ത്യാഗങ്ങൾ കവി സ്മരിക്കുന്നു. ഗാന്ധിജിയുടെ ദണ്ഡിയാത്രയുടെ സ്ഫുരണങ്ങൾ വിരിയുന്ന *മൂന്നുരംഗം*, മദ്യവർജനത്തെക്കുറിച്ചെഴുതിയ *മദിരോത്സവം*, *മദ്യവിഷം*, *മദ്യവർജനം*, പ്രകൃതിസംരക്ഷണത്തെക്കുറിച്ചെഴുതിയ *കേരളം വളരുന്നു*, *ആറടിമണ്ണ്*, *പൂക്കൾ*, സത്യത്തെ കൈകൂപ്പി വണങ്ങുന്ന *ഓടക്കുഴൽ*, ദാരിദ്ര്യനിർമാർജനത്തെക്കുറിച്ചെഴുതിയ *വന്നു,പോയി* ഇവയിലെല്ലാം തന്നെ ഗാന്ധിജിയുടെ സ്വാധീനം ദൃശ്യമാണ്.

ഇവിടെ പരാമർശിച്ച കവിതകളിൽ എല്ലാം തന്നെ ഗാന്ധിജിയുടെ സ്വാധീനം കണ്ടെത്താൻ കഴിയും. എന്നാൽ കവികളുടെ കാഴ്ച്ചപ്പാട് അനുസരിച്ച് ഗാന്ധിജിയുടെ ആദർശങ്ങൾ ഉൾക്കൊണ്ടതിൽ ചില സാമ്യവൈജാത്യങ്ങൾ കണ്ടെത്താം. ഈ കവികളെല്ലാംതന്നെ ഗാന്ധിജിയുടെ അഹിംസ എന്ന ആദർശം തങ്ങളുടെ കവിതകളിൽ സ്വീകരിച്ചിരുന്നു. പി.യും

പാലായും എൻ.വി.യും ആധുനികസമൂഹത്തിൽ അഹിംസയുടെ പ്രാധാന്യമാണ് വ്യക്തമാക്കിയത്.

ഗാന്ധിജിക്ക് നേതൃസ്ഥാനം കൽപ്പിച്ചുകൊണ്ടുള്ള ഒരു സ്വാതന്ത്ര്യ സങ്കൽപ്പമാണ് ജി. യ്ക്കുണ്ടായിരുന്നത്. ഇടശ്ശേരിയുടെ കവിതയിൽ സ്വാത ന്ത്ര്യത്തിന്റെ വില എന്തെന്നു മനസിലാക്കാത്ത ജനതയോടുള്ള അമർഷമാണ് കാണുന്നത്. നാം വീണ്ടും അസ്വാതന്ത്ര്യത്തിലേക്ക് പോകുമോ എന്ന് പി. ആശങ്കപ്പെടുന്നു. സ്വാതന്ത്ര്യത്തെ ജനങ്ങൾ ദുരുപയോഗം ചെയ്യുന്നതോർത്ത് പാലാ വിലപിക്കുന്നു. എൻ.വി.യാകട്ടെ സ്വാതന്ത്ര്യം നേടാൻ ജനതയുടെ പൂർണസഹകരണം മാത്രം മതി എന്ന അഭിപ്രായക്കാരനാണ്.

ഗ്രാമസ്വരാജിന്റെ പ്രവർത്തനത്തിൽ കർഷകരുടെ പ്രാതിനിധ്യം ഏറെ ശ്രദ്ധേയമായിരുന്നുവെന്ന് ജി.യുടെ കവിതകളിൽനിന്നു മനസിലാക്കാം. സാമ്പത്തികചൂഷണത്തിനെതിരെ പ്രതികരിച്ചുകൊണ്ടാണ് ഇടശ്ശേരി ഗ്രാമ സ്വരാജ് എന്ന ആശയത്തെ പിന്തുണയ്ക്കുന്നത്. പി.യുടെയും എൻ.വി.യു ടെയും കവിതകളിൽ ഗ്രാമസ്വരാജിന്റെ തകർച്ചയെക്കുറിച്ചുള്ള ഖേദമാണ് രേഖപ്പെടുത്തിയത്. പാലായുടെ കവിതകളിൽ ഗ്രാമസ്വരാജിന് പ്രാധാന്യമുള്ള കവിതകൾ വിരളമാണ്.

ചർക്കയുടെ പ്രാധാന്യത്തിലൂടെ സ്വയംതൊഴിലിന്റെ മാഹാത്മ്യമാണ് ജി. എടുത്തുകാട്ടിയത്. അസമത്വങ്ങൾ സൃഷ്ടിക്കാത്ത ഒരു സാമ്പത്തിക സ്ഥിതിയാണ് ഇടശ്ശേരി ആഗ്രഹിച്ചിരുന്നത്. പി.യും പാലായും എൻ.വി.യും തങ്ങളുടെ കവിതകളിൽ സ്വദേശിവ്രതത്തിന്റെ പ്രാധാന്യം എടുത്തുകാട്ടാൻ ശ്രമിച്ചിട്ടുണ്ട്. ചർക്കയുടെ മാഹാത്മ്യത്തെക്കുറിച്ച് പി.യും പാലായും വാനോളം പുകഴ്ത്തിയിട്ടുണ്ട്. സ്വദേശിവ്രതം പാലിക്കാതിരുന്നാൽ തൊഴിലി ല്ലായ്മ രൂക്ഷമാകുമെന്ന വേവലാതി എൻ.വി. പ്രകടിപ്പിച്ചിട്ടുണ്ട്.

അയിത്തോച്ചാടനത്തെക്കുറിച്ച് അഞ്ചു കവികൾക്കും ഏകദേശം ഒരേ കാഴ്ച്ചപ്പാടാണ് ഉണ്ടായിരുന്നത്. ജാതീയമായ അനൈക്യം സമൂഹത്തിന്റെ പുരോഗതിക്കുതന്നെ തടസ്സം സൃഷ്ടിക്കുമെന്ന് കവികൾ അഭിപ്രായപ്പെടുന്നു.

ഗാന്ധിജിയുടെ ആദർശങ്ങളുടെ പാലനം മതസൗഹാർദത്തിന് സഹായക മാകുമെന്നും ഇവർ കരുതുന്നു.

സർവോദയം എന്ന സങ്കൽപ്പത്തിന് മങ്ങലേൽക്കില്ലെന്നും ഭാരതത്തിലെ ജനങ്ങൾ അത് ഉണർവോടുകൂടിത്തന്നെ പാലിക്കുമെന്നുമുള്ള പ്രതീക്ഷ യിലാണ് ഈ കവികൾ. ഉപ്പുസത്യാഗ്രഹത്തിനായി ഗാന്ധിജി പുറപ്പെട്ടപ്പോൾ ത്തന്നെ വിജയം സുനിശ്ചിതമായി എന്നു കണ്ടെത്തുകയാണ് ജി.ശങ്കരക്കുറുപ്പ്. സത്യാഗ്രഹത്തെ വിപ്ലവകരമായ മാർഗമായാണ് ഇടശ്ശേരി കരുതുന്നത്. ഹിംസയിൽനിന്നുള്ള മോചനത്തിനായി സത്യാഗ്രഹത്തിന്റെ നൂതനമാർഗം പകർന്നു കൊടുക്കുകയാണ് എൻ.വി.കൃഷ്ണവാര്യരും പാലായും.

മനുഷ്യനന്മ, പ്രകൃതിസ്നേഹം എന്നിവയിലൂന്നിനിന്നുകൊണ്ടുള്ള ഒരു വിദ്യാഭ്യാസരീതിക്കാണ് ഇടശ്ശേരി മുൻതൂക്കം നൽകിയത്. മൂല്യാധിഷ്ഠിത മായ ഒരു വിദ്യാഭ്യാസപദ്ധതിക്കായിരുന്നു പി.യും എൻ.വി.യും പ്രാധാന്യം കൊടുത്തിരുന്നത്.

രാമരാജ്യം ഇന്നെവിടെ എന്നോർത്ത് വിലപിക്കുകയാണ് പി. കുഞ്ഞി രാമൻനായർ. പാലായുടെ കവിതയിൽ രാമരാജ്യത്തിലെ ജനങ്ങളുടെ ദാരിദ്ര്യാ വസ്ഥയാണ് വ്യക്തമാകുന്നത്. എൻ.വി.യാകട്ടെ പരിഹാസത്തോടെ രാമരാജ്യ ത്തെ വീക്ഷിക്കുന്നതോടൊപ്പം പുതുതലമുറയുടെ ജനദ്രോഹപരമായ പ്രവണതകളിൽ ആശങ്കാകുലനാവുകയും ചെയ്യുന്നു. സ്ത്രീസമത്വം, മദ്യ വർജനം, എന്നീ ആദർശങ്ങളെ ഉൾക്കൊണ്ട് ഇടശ്ശേരി കവിതകൾ രചിച്ചി ട്ടുണ്ട്. പാലായുടെയും എൻ.വി.യുടെയും പി.യുടെയും കവിതകളിൽ ട്രസ്റ്റീഷിപ്പിന്റെ പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട്.

ഈ അപഗ്രഥനത്തിൽനിന്നും ഗാന്ധിജിയുടെ ആദർശങ്ങൾ പ്രമുഖ മലയാള കവികളെല്ലാം തങ്ങളുടെ കവിതകളിൽ സ്വീകരിച്ചിട്ടുണ്ടെന്ന് മനസിലാക്കാം.

മുകളിൽ പരാമർശിച്ച കവികളെക്കൂടാതെ മറ്റു ചില കവികൾകൂടി ഗാന്ധിജിയുടെ സ്വാധീനമുള്ള കവിതകൾ രചിച്ചിട്ടുള്ളതായി കണ്ടെത്താൻ കഴിഞ്ഞു. ഉള്ളൂരിന്റെ *ആ ചുടലക്കളം, സുഖം സുഖം, ദിവ്യസാന്ത്വനം;*

ബാലാമണിയമ്മയുടെ *കൈക്കൊൾവിനഹിംസ, ദുർഗതിനീക്കുവിൻ, ചർക്കാ ഗീതം, ധർമപരീക്ഷ, തീപ്പൊരി, തിരുനാവായിൽ, ഞങ്ങളുടെ നേതാവ്, കൽക്കത്തയിലെ ഇരുട്ടറ, മഴുവിന്റെ കഥ;* വയലാർ രാമവർമയുടെ *പാദമുദ്രകൾ, ജീവിതഗായകൻ, കർമയോഗി, മനുഷ്യൻ, പിണ്ഡോദകങ്ങൾ, ഹിമവാന്റെ നേരെ, ഗ്രാമഗൃഹങ്ങൾ, ആ രാജഘട്ടിൽ, ഗാന്ധിസ്മാരകം, ആ സന്ദേശം;* സുഗതകുമാരിയുടെ *ഒക്ടോബർ രണ്ട്, മറക്കാതിരിക്കട്ടെ, രാമനാമ, അഹിംസ, സത്യം, രാജഘട്ടത്തിൽ, അനുഗ്രഹിക്കണമേ, ചുടുന്ന നെഞ്ചു മായ്;* ഒ എൻ വി കുറുപ്പിന്റെ *ഗാന്ധിയും കാക്കയും ഞാനും, സബർമതി ഒഴുകുകയാണ്;* വൈലോപ്പിള്ളി ശ്രീധരമേനോന്റെ *ഹരിജനങ്ങളുടെ പാട്ട്;* സിസ്റ്റർ മേരി ബനീഞ്ഞയുടെ *ഗാന്ധിസൂക്തങ്ങൾ;* പ്രൊഫ. സി ജെ മണ്ണുമൂടിന്റെ *ആ പുഞ്ചിരി, രാജഘട്ടിൽ, മഹത്ചരിതം, ആ കൊച്ചുമനുഷ്യൻ, യുഗപ്രവാചകൻ, ഗാന്ധിജയന്തി, ഒരു പിടി ഉപ്പ്;* ചെമ്മനം ചാക്കോയുടെ, *സാക്ഷാൽ ഗാന്ധി, ആത്മഹത്യ;* എം ഗോവിന്ദന്റെ *വിട,* എന്നീ കവിതകളിൽ ഗാന്ധിയൻ ദർശനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ചർക്കയുടെ മാഹാത്മ്യം വിളിച്ചോതുന്ന കവിതകളാണ് നടുവത്ത് മഹൻ നമ്പൂതിരിയുടെ *ഗാന്ധി,* കുട്ടമത്ത് കുഞ്ഞികൃഷ്ണക്കുറുപ്പിന്റെ *ശ്രീചക്രഗാനം, അഹിംസാസന്ദേശം,* വിദ്വാൻ പി കേളുനായരുടെ *പാദുക പട്ടാഭിഷേകം*, *മാതൃസ്മരണം* എന്നിവ. വി കേശവൻ നമ്പൂതിരിയുടെ *രാജഘട്ടിലെ പൂക്കൾ*, പി നാരായണക്കുറുപ്പിന്റെ *ഗാന്ധിയും ഗോഡ്സെയും*, സച്ചിദാനന്ദന്റെ *പിറവി,* എം.കൃഷ്ണൻനായരുടെ *ഭാരതത്തിന്റെ ദുരവസ്ഥ*, അംശി നാരായണ പിള്ളയുടെ *ഗാന്ധിരാമായണം*, സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ *ചർക്കാസ്തവം*, ടി.ആർ.കൃഷ്ണസ്വാമി അയ്യരുടെ *ഖദർ വസ്ത്രങ്ങൾ*, പന്നിയോട് ഗോവിന്ദൻ നമ്പൂതിരിയുടെ *ഗാന്ധിമഹാത്മജി കീ ജേ,* വെണ്ണിക്കുളം ഗോപാലക്കുറുപ്പിന്റെ *സർവസ്വദാനം*, നാലാങ്കൽ കൃഷ്ണപിള്ളയുടെ *ക്ഷേമരാഷ്ട്രം*, പി.ഐ.ശങ്കരനാരായണന്റെ *ജസ്റ്റിസ് ഗാന്ധി*, ചുനക്കര രാമൻകുട്ടിയുടെ *ബാപ്പുജി കരയുന്നു*, യൂസഫലി കേച്ചേരിയുടെ *ഭാരതം വിളിക്കുന്നു*, മധുസൂദനൻനായരുടെ *ഗാന്ധി* തുടങ്ങിയ കവിതകളും ഗാന്ധിസ്മരണ ഉണർത്തുന്നവയാണ്.

വിശദപഠനത്തിനായി തെരഞ്ഞെടുത്ത ആറു മലയാളകവികളിൽ ഗാന്ധിജിയുടെ സ്വാധീനം ഏറ്റവുമധികം കാണാൻ കഴിഞ്ഞത് വള്ളത്തോൾ നാരായണമേനോന്റെ കവിതകളിലായതുകൊണ്ടും വള്ളത്തോൾ കവിത്രയത്തിലെ കവിയായതുകൊണ്ടുമാണ് അദ്ദേഹത്തിന്റെ കവിതകളെ മൂന്നാം അധ്യായത്തിൽ പ്രത്യേകം പഠനവിധേയമാക്കിയത്.

വള്ളത്തോളിന്റെ *നാം സ്വാതന്ത്ര്യമടയാവൂ, അഹിംസ, നമ്മുടെ അമ്മ, മുറ,* എന്നീ കവിതകളിൽ അഹിംസാചരണത്തിന്റെ മാഹാത്മ്യമാണ് വെളിപ്പെടുന്നത്. *കൃഷിക്കാരുടെ പാട്ട്, കർഷകജീവിതം, കാറുകണ്ട കർഷകൻ, എന്റെ പ്രയാഗസ്നാനം* എന്നീ കവിതകളിൽ കാർഷിക ജീവിതത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ വിശാലമായ കാഴ്ച്ചപ്പാട് അവതരിപ്പിക്കുകയാണ്. മാതൃഭൂമിയായ കേരളത്തെ വന്ദിച്ചുകൊണ്ട് വള്ളത്തോൾ രചിച്ച കവിതയാണ് *മാതൃവന്ദനം*. മതഭ്രാന്തൻമാരാൽ ഈ ലോകം വിട്ടുപിരിയേണ്ടിവന്ന രാഷ്ട്രപിതാവിന് ആദരാഞ്ജലികൾ അർപ്പിക്കുന്ന കവിതയാണ് *ബാപ്പുജി.* ഭാരതീയജനതയുടെ മഹത്തായ ത്യാഗത്തെ വെളിപ്പെടുത്തുന്ന *മാതൃഭൂമിയോട്, സത്യഗാഥ* എന്നീ കവിതകളിൽ കവി സത്യദേവതയെ വാഴ്ത്തുന്നുണ്ട്. *പോരാ പോരാ, ഖാദിവസനങ്ങൾ കൈക്കൊൾവിനേവരും, പാദപാംസു, ചക്രഗാഥ, നൂല്പ്പന്വരം* എന്നീ കവിതകളിൽ സ്വദേശിവ്രതത്തിനുള്ള പ്രാധാന്യമാണ് കവി ഏടുത്തുകാട്ടുന്നത്. *ഒരു തോണിയാത്ര, ശുദ്ധരിൽശുദ്ധൻ, ജാതിപ്രഭാവം* എന്നീ കവിതകളിൽ അയിത്തം എത്രത്തോളം മനുഷ്യഹൃദയത്തെ മലീമസമാക്കുന്നു എന്ന് വ്യക്തമാക്കുന്നു. വൈക്കം സത്യാഗ്രഹത്തിന്റെ പശ്ചാത്തലത്തിൽ രചിച്ച കവിതയാണ് *പാപമോചനം.*

വള്ളത്തോളിന്റെ രചനകളിൽ സ്ത്രീകൾക്ക് സവിശേഷമായ പ്രാധാന്യം നൽകിയിരിക്കുന്നതായി കാണാം. *ഒരു വീരപത്നി, സത്യഭാമയുടെ വൈധവ്യം* എന്നീ കവിതകളിലൊക്കെ പുണ്യവതികളായ സ്ത്രീരത്നങ്ങളെക്കാണാം. വള്ളത്തോളിന് ഗാന്ധിജിയോടുള്ള ആദരവ് പ്രകടമായിക്കാണുന്ന കവിതയാണ് *എന്റെ ഗുരുനാഥൻ.* ഗാന്ധിജിയുടെ സഹനത്തെ വാഴ്ത്തുന്ന *മൊട്ടുസൂചി,* മദ്യവർജനത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുന്ന

നമ്മുടെ മറുപടി, അടിസ്ഥാനവിദ്യാഭ്യാസത്തിന് പ്രാധാന്യമുള്ള *ഐക്യമേ സേവ്യാൽ സേവ്യം* എന്നിങ്ങനെ സ്വാതന്ത്ര്യത്തിനുമുമ്പും പിമ്പുമുള്ള കാലഘട്ടത്തിന്റെ സുന്ദരചിത്രങ്ങൾ കവി വരച്ചുകാട്ടുന്നുണ്ട്. വള്ളത്തോളിന്റെ ഈ കവിതകളിലെല്ലാം നിറഞ്ഞുനിൽക്കുന്നത് ഗാന്ധിയൻ ആദർശത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്. ഗാന്ധിജി എന്ന പുണ്യപുരുഷന്റെ ആദർശങ്ങൾ യാതൊരു മടിയും കൂടാതെ തന്റെ കവിതകളിലേക്ക് സ്വാംശീകരിക്കുവാൻ വള്ളത്തോൾ ശ്രമിച്ചിരിക്കുന്നു എന്ന് ഈ കവിതകൾ പരിശോധിച്ച തിൽനിന്നും മനസിലാക്കാം. വള്ളത്തോളിന്റെ കവിതകളിൽ മറ്റുകവികളെ അപേക്ഷിച്ച് ഗാന്ധിജിയുടെ ആദർശങ്ങൾ കൂടുതലായി കടന്നുവന്നിട്ടുണ്ടെന്ന് ഈ പഠനം തെളിയിക്കുന്നു. ഗാന്ധിയൻ ദർശനങ്ങളെ ഹൃദയത്തിൽ ഉൾക്കൊണ്ട മഹാകവിയാണ് വള്ളത്തോൾ.

ഉപദർശനത്തിൽ ഒന്നും രണ്ടും മൂന്നും അധ്യായങ്ങളിലെ നിഗമനങ്ങളെ താരതമ്യം ചെയ്തപ്പോൾ ഗാന്ധിജിയുടെ സ്വാധീനം ഏറ്റവും പ്രകടമായിട്ടുള്ളത് വള്ളത്തോൾ നാരായണമേനോന്റെ കവിതകളിലാണെന്ന് കണ്ടെത്താൻ കഴിഞ്ഞു.